"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം - ശ്രീമതി.ജെറീന ബീഗം ടി.കെ സമർപ്പിച്ച അപേക്ഷ - കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.253/2025/WCDD തീയതി,തിരുവനന്തപുരം, 02-06-2025

പരാമർശം:-
1. സ.ഉ.(സാധാ) നം.677/2019/സാനീവ തീയതി 28.10.2019.
2. പാലക്കാട് ജില്ലാ കളക്ടറുടെ 23.07.2024 തീയതിയിലെ DCPKD/7999/2024/J1 നമ്പർ കത്ത്.
3. വനിത ശിശു വികസന ഡയറക്ടറുടെ 05.03.2025-ലെ DWCD/1345/2025-WEC2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി.ജെറീന ബീഗം ടി.കെ., കരുവപ്പാറ, കൊഴിഞ്ഞാമ്പാറ, പാലക്കാട്, തന്റെ മകൾ ശ്രീമതി. യാസ്മിൻ ബാനു എസ്-ന്റെ വിവാഹം 06.04.2020 ൽ ആയിരുന്നുവെന്നും ടിയാൾ സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ പദ്ധതി പ്രകാരം കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ ധനസഹായത്തിന് അപേക്ഷിച്ചത് 22.05.2024 നാണെന്നും ആയതിനാൽ അപേക്ഷ സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ പദ്ധതി പ്രകാരമുള്ള അപേക്ഷയിൽ മൂന്ന് വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം മാപ്പാക്കുന്നതിനുള്ള അധികാരം പരാമർശം (1) പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർക്കുണ്ട്. എന്നാൽ ശ്രീമതി.ജറീന ബീഗം ടി.കെ. അപേക്ഷ സമർപ്പിക്കുന്നതിന് മൂന്നു വർഷത്തിലധികം കാലതാമസം ഉണ്ടായത് അറിവില്ലായ്മമൂലമാണെന്ന വസ്തുത കണക്കിലെടുത്ത് ടിയാളുടെ അപേക്ഷ അനുകൂലമായി പരിഗണിക്കണം എന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ പദ്ധതി പ്രകാരം ശ്രീമതി.ജറീന ബീഗം ടി.കെ., കരുവപ്പാറ, കൊഴിഞ്ഞാമ്പാറ, പാലക്കാട്, തന്റെ മകൾ യാസ്മിൻ ബാനു.എസ്-ന്റെ വിവാഹ

ധനസഹായത്തിനായി അറിവില്ലായ്മ മൂലം അപേക്ഷ സമർപ്പിച്ചതിലുണ്ടായ കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്.
ശ്രീമതി. ജറീന ബീഗം ടി.കെ, കരുവപ്പാറ, കൊഴിഞ്ഞാമ്പാറ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ) കേരളം, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (ന്യൂ മീഡിയ വിഭാഗം) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Bindu K.N
സെക്ഷൻ ഓഫീസർ
Date: 03-06-2025 10:18:30